(ബി) വ്യവഹാരങ്ങളിൽപ്പെട്ട ഉക പിരിച്ചെടുക്കുന്നത് കോടതിയുടെ തീർപ്പിന് വിധേയമായി മാത്രമായിരിക്കും. ഇതര സ്ഥാപനങ്ങളുടെ കുടിശ്ശിക പിരിച്ചെടുക്കാൻ ഒറ്റത്തവണ തീർപ്പാക്കൽ, തവണ വ്യവസ്ഥ അനുവദിക്കൽ, റവന്യൂ നടപടികൾ സ്വീകരിക്കൽ, വൈദ്യുതി ബന്ധം വിച്ഛേദിക്കൽ എന്നീ നടപടികളാണ് സ്വീകരിക്കുന്നത്. സർക്കാർ വകുപ്പുകളുടെയും, വാട്ടർ അതോറിറ്റിയുടെയും കുടിശ്ശിക പിരിച്ചെടുക്കാൻ സത്വര നടപടികൾ സ്വീകരിച്ചുവരുന്നു.

ചാലക്കുടിപ്പുഴയിൽ നീരൊഴുക്ക് ഉറപ്പുവരുത്തുന്നതിന് നടപടി

56 (4047) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടി റിവർ ഡൈവേർഷൻ സ്കീമിൽ നിന്നും ജലസേചനം കൂടുതലായി നടക്കുന്ന ഡിസംബർ മുതൽ മേയ് വരെയുള്ള മാസങ്ങളിൽ, പെരിങ്ങൽകുത്ത് ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ടിൽ (PHEP) നിന്നും ഇരുപത്തിനാലു മണിക്കൂറും വൈദ്യുതോല്പാദനം ക്രമീകരിച്ച് ചാലക്കുടിപ്പുഴയിൽ ഒരേ രീതിയിലുള്ള നീരൊഴുക്ക് ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) കഴിഞ്ഞ വർഷങ്ങളിൽ വൈദ്യുതോല്പാദനം ഭാഗികമായി ക്രമീകരിച്ച് നടപ്പാക്കിയിരുന്നത് ഈ വർഷം പൂർണ്ണമായും നടപ്പാക്കുമെന്ന് ഉറപ്പുവരുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ചാലക്കുടി പുഴയിലേയ്ക്കുള്ള നീരൊഴുക്ക് നിയന്ത്രിക്കുന്നത് പ്രധാനമായും പെരിങ്ങൽക്കുത്ത് ജലവൈദ്യുതി പദ്ധതിയിലെ വൈദ്യുതി ഉത്പാദനത്തിനുശേഷം പുറത്തേയ്ക്ക് ഒഴുകുന്ന ജലമാണ്. ഷോളയാർ ഡാമിൽ നിന്നുള്ള ജലമാണ് പ്രധാനമായും പെരിങ്ങൽക്കുത്ത് ജലവൈദ്യുതി പദ്ധതിയിലെ ഉത്പാദനത്തിനായി ലഭിക്കുന്നത്. ഡിസംബർ മുതൽ മേയ് വരെയുള്ള കാലയളവിൽ 24 മണിക്കൂറും വൈദ്യുതി ഉത്പാദനത്തിന് ആവശ്യമായ ജലം പെരിങ്ങൽക്കുത്ത് പദ്ധതിയിൽ ലഭ്യമല്ലാത്തതിനാൽ ഇറിഗേഷൻ വകുപ്പും മറ്റ് വകുപ്പുകളുമായി ആലോചിച്ച് ചാലക്കുടി പുഴയിൽ പരമാവധി ഒരേ അളവിൽ ജലം ലഭ്യമാകുന്ന തരത്തിൽ ഇവിടത്തെ വൈദ്യുതി ഉത്പാദനം ക്രമീകരിച്ചുവരുന്നു.

(ബി) ജലത്തിന്റെ ലഭ്യതയനുസരിതമായി മാത്രമേ പെരിങ്ങൽക്കുത്തിലെ വൈദ്യുതി ഉല്പാദനം മുകളിൽ പ്രതിപാദിച്ച രീതിയിൽ ഈ വർഷവും ക്രമീകരിക്കാനാവുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly